പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 8136 — 24.07.2012 ൽ മറുപടിക്ക്

## കശുവണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി ( വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കശുവണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്; | (എ) കേരളത്തിൽ കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധിയായ തോട്ടണ്ടിയുടെ ലഭ്യതക്കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ സ്പെഷ്യൽ ഓഫീസർ (കാഷ്യൂ) ചെയർമാനായി കേരള സ്റ്റേറ്റ് ഏജൻസി ഫോർ ദി എക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടിവേഷൻ (കെ.എസ്.എ.സി.സി.) എന്ന ഏജൻസി രൂപീകരിച്ചിട്ടുണ്ട്. കശുമാവ് കൃഷി കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുന്നതുവഴി തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യം. ഏജൻസിയുടെ പ്രവർത്തനത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| 2007-08 | 50 ലക്ഷം |
| 2008-09 | 100 ലക്ഷം |
| 2009-10 | 300 ലക്ഷം |
| 2010-11 | 400 ലക്ഷം |
| 2012-13 | 410 ലക്ഷം |

കശുമാവ് കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി പ്ലാൻഫണ്ടിൽ നിന്ന് 2007-08, 2008-09-ൽ അനുവദിച്ച 150 ലക്ഷം രൂപ വിനിയോഗിച്ച് കൊല്ലം, ആലപ്പുഴ, കണ്ണൂർ എന്നീ ജില്ലകളിൽ 25067 കശുമാവ് ഗ്രാഫ്റ്റ് ചെടികൾ കർഷകർക്ക് സൗജന്യമായി നൽകുകയും, നടീലിനും പരിപാലനത്തിനുമായി 13 ലക്ഷം രൂപ

ധനസഹായവും നൽകി കശുമാവ് കൃഷി നടപ്പിലാക്കി. കൂടാതെ കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ വനംവകുപ്പിന്റെ സഹായത്തോടെ വനസംരക്ഷണ സമിതികൾ വഴി വനാശ്രിത കർഷകർക്ക് 84,000 കശുമാവ് ഗ്രാഫ്റ്റ് ചെടികൾ സൗജന്യായി നൽകുകയും നടീലിനും പരിപാലനത്തിനുമായി 54.60 ലക്ഷം രൂപ ധനസഹായം നൽകി കൃഷി നടപ്പിലാക്കി. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളായ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ലിമിറ്റഡ്, പുനലൂർ റീഹാബിലിറ്റേഷൻ ലിമിറ്റഡ്, പുനലൂർ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ജൈവ രീതിയിൽ 245 ഏക്കർ കശുമാവ് തോട്ടം വച്ചുപിടിപ്പിക്കുന്നതിനായി 11.7 ലക്ഷം രൂപ ധനസഹായം നൽകി കൃഷി നടപ്പിലാക്കി.

2008-09 സാമ്പത്തിക വർഷത്തിൽ കെ.എസ്.എ.സി.സി സുസ്ഥിര കശുമാവ് കൃഷി വികസനം കേരളത്തിൽ നടപ്പാക്കുന്നതിനായി 95.60 കോടി രൂപയുടെ ഒരു വലിയ പദ്ധതി നാഷണൽ ഹോർട്ടികൾച്ചർ മിഷന് സമർപ്പിക്കുകയും ആയത് അംഗീകരിക്കുയും ഉണ്ടായി. 4 വർഷം കൊണ്ട് നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്ക് ഇന്ത്യാ ഗവൺമെന്റിന്റെ 57.83 കോടി രൂപ ധനസഹായം ലഭിക്കും. പദ്ധതിയുടെ മുഖ്യ ഘടകങ്ങൾ പുതിയ നഴ്സറികൾ, പുതിയ തോട്ടങ്ങൾ (10,000 ഹെക്ടർ) പുനരുദ്ധാരണവും/പുനർകൃഷി (10,000 ഹെക്ടർ), ജൈവ കൃഷി (2000 ഹെക്ടർ) മാതൃകാ കൃഷി തോട്ടങ്ങൾ, ജലസ്രോതസ്സുകൾ (1000 ഹെക്ടർ), പരാഗണം ത്വരിതപ്പെടുത്തുന്നതിന് **തേനീച്ച** വളർത്തൽ (2000 യൂണിറ്റ്), സെമിനാറുകൾ/വർക്ക് ഷോപ്പുകൾ, കർഷകർക്കുള്ള പരിശീലനം, വിളവെടുപ്പ് അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയാണ്.

നാഷണൽ ഹോർട്ടികൾച്ചറൽ മിഷനിൽ നിന്നും 2009-10 മുതൽ 2011-12 വർഷങ്ങളിൽ 23.70 കോടി രൂപയും കേരള സർക്കാർ പ്ലാൻ ഫണ്ടിൽ നിന്നും 7 കോടി രൂപയും അനുവദിച്ചു. മേൽപ്പറഞ്ഞ രണ്ട് ഫണ്ടുകൾ വിനിയോഗിച്ച് 2009-10 മുതൽ 2011-12 വർഷങ്ങളിലായി 17229 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചു.

കൂടാതെ കശുമാവ് തോട്ടങ്ങളിൽ പരാഗണം ത്വരിതപ്പെടുത്തുന്നതിന് 10 ജില്ലകളിലെ 118 കർഷകർക്ക് തേനീച്ച പെട്ടികളും കോളനികളും അനുബന്ധ ഉപകരണങ്ങളും നൽകി. 5 ജില്ലകളിലെ

21000 കർഷകർക്ക് മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മാണത്തിന് ധനസഹായം നൽകി. കർഷകർക്ക് കശുമാവ് കൃഷിയിൽ പരിജ്ഞാനം ലഭിക്കുന്നതിന് പ്രയോജ നപ്പെടുന്ന വിധം കശുമാവ് ഗവേഷണ കേന്ദ്രങ്ങളിലെ ശാസ്ത്രജ്ഞരുടെ സേവനം വിനിയോഗപ്പെടുത്തി ട്രെയിനിംഗുകളും, സെമിനാറുകളും നടപ്പിലാക്കിവരുന്നു.

പദ്ധതിയുടെ അവസാന വർഷമായ 2012-13-ൽ 2050 മുതൽ 2500 ഹെക്ടർ വരെ സ്ഥലത്താണ് കശുമാവ് കൃഷി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ആയത് വളരെ കാര്യക്ഷമമായി നടപ്പിലാക്കാൻ നടപടികൾ എടുത്തുവരുന്നു. കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന കശുമാവ് കൃഷി പദ്ധതി തുടർന്നും നടപ്പിലാക്കു ന്നതിനായി അടുത്ത 4 വർഷത്തേയ്ക്കുള്ള പദ്ധതി തയ്യാറാക്കി നാഷണൽ ഹോർട്ടികൾച്ചറൽ മിഷനിൽ സമർപ്പിക്കുന്ന തിനുള്ള നടപടികൾ കൈക്കൊണ്ട് വരുന്നു.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുവദിച്ച സാമ്പത്തിക സഹായം കൂടുതൽ കർഷകരെ കശുമാവ് കൃഷിയിലേയ്ക്ക് ആകർഷിക്കുവാൻ സഹായിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ നടത്തിപ്പുമൂലം കശുമാവ് കർഷകരുടെ വരുമാന വർദ്ധനവിനും കശുമാവ് കൃഷി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനും സഹായിച്ചിട്ടുണ്ട്. 4 വർഷം കൊണ്ട് പദ്ധതി വിഭാവനം ചെയ്യുന്ന നേട്ടങ്ങൾ താഴെപ്പറയു ന്നവയാണ്.

1. കശുമാവ് കൃഷി വിസ്തൃതിയിലുള്ള വർദ്ധന - 20,000 ഹെക്ടർ
2. കശുവണ്ടി ഉൽപ്പാദനത്തിനുള്ള വർദ്ധന - 40,000 മെട്രിക് ടൺ
3. അധിക തൊഴിലവസരങ്ങൾ - 20,000 പ്രതിവർഷം.
4. പ്രതിവർഷ അധിക വരുമാനം - 265 കോടി

| | | | |
|---|---|---|---|
| (ബി) | ഇക്കാര്യത്തിനായി കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിക്കുന്നുണ്ടോ; നാളിതുവരെയായി എത്ര തുക ലഭിച്ചു; | (ബി) | ഉണ്ട്. കശുമാവ് കൃഷി വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ ധനസഹായമായി നാളിതുവരെ 23.70 കോടി രൂപ ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ വർഷം പ്രസ്തുത പദ്ധതിയിൻ കീഴിൽ എത്ര കശുമാവ് തൈകൾ വിതരണം ചെയ്തുവെന്ന റിയിക്കാമോ; | (സി) | ഈ വർഷം ഇതുവരെ 186809 കശുമാവ് ഗ്രാഫ്റ്റ് ചെടികൾ വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി യനുസരിച്ച് കശുമാവ് കർഷകന് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ? | (ഡി) | 1. ഒരു ഹെക്ടർ കശുമാവ് കൃഷി നടപ്പിലാക്കുന്ന കർഷകന് 20000 രൂപയാണ് സബ്സിഡി ആയി നൽകുന്നത്. ആയത് 60:20:20 എന്ന ക്രമത്തിൽ മൂന്നു വാർഷിക ഗഡുക്കളായാണ് ലഭ്യമാക്കുന്നത് ഒരു ഹെക്ടർ കൃഷി സ്ഥലത്ത് പരമാവധി 200 കശുമാവ് ഗ്രാഫ്റ്റ് ചെടികളാണ് നട്ടുവളർത്താൻ സാധിക്കുന്നത്. ചെടി ഒന്നിന് 100 രൂപയാണ് 3 വാർഷിക ഗഡുക്കളായി സബ്സിഡി നൽകുന്നത്. ആദ്യത്തെ വർഷത്തെ സബ്സിഡി തുക ലഭ്യമാക്കുമ്പോൾ കശുമാവ് ഗ്രാഫ്റ്റ് ചെടിയുടെ വിലയായ 25 രൂപ കുറച്ചാണ് സബ്സിഡി ലഭ്യമാക്കുന്നത്.<br>2. ജൈവ രീതിയിലുള്ള കൃഷി നടപ്പിലാക്കുന്നതിനായി കർഷകർക്ക് മണ്ണിര കമ്പോസ്റ്റ് ഉൽപ്പാദിപ്പിക്കുന്നതിനായി യൂണിറ്റ് ഒന്നിന് (0.7 ക്യൂബിക് മീറ്റർ വ്യാപ്തം) 1000 രൂപ സബ്സിഡിയായി ലഭ്യമാക്കുന്നു.<br>3. കർഷകരുടെ കൂട്ടായ്മ രൂപീകരിച്ച് കശുമാവ് കൃഷി നടപ്പിലാക്കുന്നതിന് ജലസേചന സൗകര്യം ഒരുക്കുന്നതിന് ഒരു ഹെക്ടറിന് 1 ലക്ഷം രൂപ സബ്സിഡിയായി ലഭ്യമാക്കുന്നു.<br>4. കശുമാവ് തോട്ടങ്ങളിൽ തേനീച്ച കോളനിയും, കൂടുകളും നിർമ്മിക്കുന്നതിനായി യൂണിറ്റ് ഒന്നിന് 800 രൂപ ക്രമത്തിൽ സബ്സിഡി ലഭ്യമാക്കുന്നു. |

സെക്ഷൻ ഓഫീസർ